**ശ്രദ്ധക്ഷണിക്കൽ**

(1) തീരദേശ പരിപാലന വിജ്ഞാപനം

ശ്രീ. കെ. ദാസൻ: സർ, മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗതമായ മത്സ്യബന്ധന അവകാശങ്ങൾ നിഷേധിക്കുന്നതും തീരപ്രദേശങ്ങളെ പ്രത്യേകിച്ച് അവിടത്തെ നിവാസികളെ പൊതുവെ വിലങ്ങുവെയ്ക്കുന്നതുമായിട്ടുള്ള സി.ആർ.ഇസഡ്. വിജ്ഞാപനപ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുന്ന തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുംവേണ്ടി ഒരു കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും തീരദേശത്തെ ജനങ്ങളുടെ ജീവിതത്തെ അടിസ്ഥാനമാക്കി ഒരു തീരദേശ പാക്കേജ് നടപ്പിലാക്കി ജനങ്ങളുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കുന്നതിനും മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധക്ഷണിക്കാൻ വേണ്ടിയുള്ളതാണ് ഈ പ്രമേയം. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം പ്രധാനമായും ഉപജീവനത്തിനായി ആശ്രയിക്കുന്നത് കടലിനെയാണ്. കാലാകാലങ്ങളായി തൊഴിൽപരമായ സൗകര്യങ്ങൾക്കുവേണ്ടി മത്സ്യത്തൊഴിലാളികൾ താമസിക്കുന്നത് കടലിനോടടുത്ത തീരപ്രദേശങ്ങളിലാണ്. പാരമ്പര്യമായി ലഭിക്കുന്ന ഭൂമിയിൽ സ്വന്തമായി പട്ടയം ലഭിക്കുന്നതിന് കഴിയാത്ത

അവസ്ഥയാണുള്ളത്. വർഷങ്ങളായി അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയിലാണ് ഇപ്പോൾ പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ ആ തീരത്തോട് വളരെയടുത്ത പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് അവർ നിർബന്ധിതരായിരിക്കുകയാണ്. വേലിയേറ്റ മേഖലയിൽനിന്ന് കരയിലേയ്ക്ക് 500 മീറ്റർ ദൂരം വരെയുള്ള തീരപ്രദേശവും വേലിയിറക്ക മേഖലയിൽനിന്ന് 12 നോട്ടിക്കൽ മൈൽ വരെയുള്ള സമുദ്രപ്രദേശവും ടെറിട്ടോറിയൽ വാട്ടർ സി.ആർ.ഇസഡിൽ ഉൾപ്പെടുന്നു. സി.ആർ.ഇസഡ്. നിയമം കടലിന്റേയും തീരത്തിന്റേയും അവകാശികൾ മത്സ്യത്തൊഴിലാളികളാണെന്ന കാര്യം അംഗീകരിക്കുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 246 (7)-ാം ഷെഡ്യൂൾ പ്രകാരം ഫിഷറീസ് ഒരു സംസ്ഥാന വിഷയമാണ്. തീരദേശമേഖലയുടെ 22 കിലോമീറ്റർ കടൽ സംസ്ഥാനത്തിന്റെ അധികാര പരിധിയിലാണ്. സംസ്ഥാന സർക്കാരിന്റെ അധികാരത്തിനു മുകളിലുള്ള കടന്നുകയറ്റമാണ് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ളത്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം നടപ്പിലാക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ വിഭാവന ചെയ്യുന്ന ജീവിക്കാനുള്ള അവകാശം

സംരക്ഷിച്ചുകൊണ്ടായിരിക്കണം എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നിലവിലുണ്ട്. ഇവിടെ ഭരണഘടനയുടെ ലംഘനമാണ് നിർദ്ദേശിക്കപ്പെടുന്നത്. ഇതിന്റെ ഫലമായി കടലോരത്തെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടാണ് ഉണ്ടായിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾ പ്രധാനമായും താമസിച്ചുവരുന്നത് സി.ആർ.ഇസഡ്. 2, സി.ആർ.ഇസഡ് 3 സോണുകളിലാണ്. ഉപജീവന സുരക്ഷിതത്വം, തീരപ്രദേശത്തിന്റെ പ്രാധാന്യം എന്നിവ കണക്കിലെടുത്തുകൊണ്ട് ഈ സോണുകളിൽ വിവിധതരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് ഇന്ന് തീരദേശ പരിപാലന നിയമത്തിലെ ബന്ധപ്പെട്ട നിയമങ്ങൾമൂലം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവായി ഈ നിയമത്തെ വ്യാഖ്യാനിക്കുമ്പോൾ വേലിയേറ്റ മേഖലയിൽനിന്നും 50 മീറ്ററിനുള്ളിലുള്ള തീരപ്രദേശത്താണ് ഭവനനിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുകയില്ലായെന്ന് നേരത്തെ നിർദ്ദേശിച്ചിരുന്നത്. പക്ഷേ കേരളത്തിലെ ഒരു പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അങ്ങനെയല്ല നടപ്പിലാക്കുന്നത്. ഇപ്പോൾ 200 മീറ്റർ

ദൂരപരിധി വച്ചുകൊണ്ടാണ് ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. വീടു വയ്ക്കാനും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാനും നിർമ്മാണം പൂർത്തീകരിച്ച ഭവനത്തിന് നമ്പർ കൊടുക്കാനും എത്രയും പെട്ടെന്ന് നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

## തീരദേശ പരിപാലന വിജ്ഞാപനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട കെ. ദാസൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിരിക്കുന്നത്. എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ടും അതിന്റെ റൂൾസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങളാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. ഇതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ തീരപ്രദേശങ്ങളെ നാല് മേഖലകളായി തിരിച്ചിരിക്കുന്നു. അതിൽ കോസ്റ്റൽ റെഗുലേഷൻ സോൺ 1-ൽ കടലിലെ ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്ന തീരങ്ങളിലെ പാരിസ്ഥിതിക ലോലപ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ളവ ഇതിലാണ് വരിക. കോസ്റ്റൽ റെഗുലേഷൻ സോൺ 2-ൽ

കടലിനോട് ചേർന്നുള്ള പൂർണ്ണമായും വികസിച്ച പട്ടണപ്രദേശങ്ങളാണ് ഉൾപ്പെടുന്നത്. സോൺ 3-ൽ നേരത്തെ പറഞ്ഞ ഒന്നിലും രണ്ടിലും പെടാത്ത ഗ്രാമപ്രദേശങ്ങളാണ് ഉൾപ്പെടുന്നത്. സോൺ 4-ൽ വേലിയിറക്ക നിലമുതൽ 12 നോട്ടിക്കൽ മൈൽ കടലിലേയ്ക്കുള്ള പ്രദേശങ്ങളും ഉൾപ്പെടുന്നു. ഇതിന്റെ ക്ലാസ് 5-ൽ കായലുമായി ചേർന്നുകിടക്കുന്ന അതിദുർബല മേഖലകളിലെ ആവാസ വ്യവസ്ഥയും ജനജീവിതവും അതുമായി ബന്ധപ്പെട്ട് പ്രത്യേക പരിഗണന നൽകേണ്ട മേഖലകളും തിരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വിഭജനം അഖിലേന്ത്യാതലത്തിൽ തന്നെ നിലനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനം ഉൾപ്പെടെയുള്ള ചില പ്രദേശങ്ങളുടെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ചില മാറ്റങ്ങൾ കേരളത്തിലെ കായലും കായൽത്തുരുത്തുമായും ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ വിജ്ഞാപനപ്രകാരം തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വലിയതോതിലുള്ള പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഭവന നിർമ്മാണമടക്കമുള്ള വിവിധതരത്തിലുള്ള ബുദ്ധിമുട്ടുകളാണ് അനുഭവിക്കേണ്ടി വരുന്നത്. സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. നമ്മുടെ കടലോര, പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി താമസിക്കുന്നവർക്ക് വീട്, ടോയ് ലെറ്റ്, മത്സ്യത്തൊഴിലാളികളുടെ ഉപകരണ ങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ ഇവയെല്ലാം നിർമ്മിക്കുന്നതിന് അനുവദിക്കേണ്ടതായിട്ടുണ്ട്. സി.ആർ.ഇസഡ്. 3-ലെ നിർമ്മാണ രഹിതമേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന പ്രദേശങ്ങളാണിവ. ഇവിടെ ഇതിനുള്ള സൗകര്യം അനുവദിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ തീരപ്രദേശത്ത് താമസിക്കുന്ന തദ്ദേശവാസികൾക്ക് അവിടെയുള്ള ഭൂമിയിൽ വീട് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ട് അനുമതി നൽകാൻ തയ്യാറാകണം. മത്സ്യത്തൊഴിലാളികൾ ആ തൊഴിലുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് കടൽത്തീരമായതുകൊണ്ട് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചെമ്മീൻകെട്ട്, പൊക്കാളി നെൽപ്പാടശേഖരങ്ങളുടെ കരഭാഗം എന്നിവ വീട് നിർമ്മാണത്തിനായി തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം

കണക്കിലെടുത്ത് 10 മീറ്റർ വീതിക്ക് താഴെയുള്ള തോടുകളുടെ കര പ്രദേശവും തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ തദ്ദേശവാസികളുടെ ഭവനം പുനർനിർമ്മിക്കുമ്പോൾ നിലവിലുള്ള തറവിസ്തീർണ്ണത്തിനെ അടിസ്ഥാനപ്പെടുത്തി മാത്രമേ പുനർനിർമ്മിക്കാവൂ എന്നതാണ് ഇപ്പോഴുള്ള വ്യവസ്ഥ. അത് 100 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണം വരെ എന്ന് മാറ്റേണ്ടതുണ്ട് എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ കായൽ ദ്വീപുകളിൽ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സി.ആർ.ഇസഡ് 3-ൽ നിലവിൽ വേലിയേറ്റ നിലയിൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഒരു തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കും അനുമതിയില്ല. മത്സ്യത്തൊഴിലാളികൾക്ക് 100 മുതൽ 200 മീറ്റർ വരെയുള്ള പ്രദേശത്ത് ഭവനനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും അനുമതിയുണ്ട്. ഇത് 50 മുതൽ 200 മീറ്റർവരെ ആക്കണമെന്നാണ് നാം ആവശ്യപ്പെട്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ച പ്രശ്നം അതീവ ഗൗരവമായിട്ടു തന്നെയാണ് സംസ്ഥാന സർക്കാർ കാണുന്നത്. ഇക്കാര്യത്തിൽ ആവശ്യപ്പെട്ട കാര്യങ്ങൾ നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ തുടർന്നും ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ 1300-ഓളം മത്സ്യത്തൊഴിലാളികളുടെ വീടുകൾ സ്ഥിതി ചെയ്യുന്നത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിലാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ നിർമ്മാണപ്രവർത്തനങ്ങൾക്ക് പെർമിറ്റ് കൊടുക്കാൻ കഴിയുന്നില്ല. ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനായി ഗവൺമെന്റ് തീരദേശ പാക്കേജ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിലുള്ള വീടുകളിലാണ് അവർ ഇപ്പോൾ താമസിച്ചുവരുന്നത്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ അനുമതി നൽകാതിരിക്കുന്നത് പ്രയാസകരമായ സ്ഥിതി വിശേഷമായിരിക്കും സൃഷ്ടിക്കുക. പഞ്ചായത്തുകൾ അതിനാവശ്യമായ അംഗീകാരം കൊടുക്കുന്നതിനും അതിലൂടെ വൈദ്യുതിബന്ധവും മറ്റ് തരത്തിലുള്ള സൗകര്യങ്ങളും

ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും.

(2) ജല സ്രോതസ്സുകളുടെ സംരക്ഷണം

ശ്രീ എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികൾ ജനങ്ങളെ അഭിമുഖീകരിച്ച സന്ദർഭത്തിൽ ഒരു സ്ഥാനാർത്ഥിയെന്ന നിലയ്ക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് ബോധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് ഈ കാര്യം ബഹുമാനപ്പെട്ട സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കുറേ കാലങ്ങളായി പ്രത്യേകിച്ച് മാർച്ച്-ഏപ്രിൽ മാസങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കേണ്ടിവരുന്നത് പതിവ് സംഭവമായി മാറിയിരിക്കുകയാണ്. സ്വാഭാവികമായും രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുമ്പോൾ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനെക്കുറിച്ച് നമ്മൾ ഗൗരവമായി ചർച്ച ചെയ്യുകയും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്യുന്നത് കഴിഞ്ഞ കുറേ വർഷങ്ങളായി

പതിവായി തുടരുന്ന കാര്യമാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന കാര്യം പുതിയ ശുദ്ധജല പദ്ധതികൾ വേണമെന്നുള്ളതോ, പുതിയ കുഴൽക്കിണറുകൾ വേണമെന്നുള്ളതോ, പുതിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കൊണ്ടുവരണമെന്നുള്ളതോ ആയ ആവശ്യങ്ങളല്ല. മറിച്ച് കഴിഞ്ഞ കുറേ കാലങ്ങളായി ഒട്ടനവധി ശുദ്ധജല പദ്ധതികൾ നമ്മുടെ നാടിന്റെ പല ഭാഗത്തും നടപ്പിലാക്കിയിട്ടുണ്ട്. അത് എം.എൽ.എ.മാർ നൽകിയതുണ്ട്, പഞ്ചായത്തുകൾ നൽകിയതുണ്ട്, വാട്ടർ അതോറിറ്റിയുടെ ഭാഗമായിട്ടുള്ളതുമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ജനങ്ങളെ അഭിമുഖീകരിച്ചപ്പോൾ അനുഭവപ്പെട്ട പ്രധാനപ്പെട്ട കാര്യം മുൻകാലങ്ങളിൽ ശുദ്ധജലപദ്ധതികൾ വേണമെന്ന ആവശ്യമായിരുന്നുവെങ്കിൽ, ഇന്ന് പ്രസ്തുത പദ്ധതികൾക്കുവേണ്ടി ജലസ്രോതസ്സുകളിൽ ആവശ്യമായ ശുദ്ധജലമില്ലായെന്നുള്ള കാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.യെന്ന നിലയിൽ ഞാൻ തന്നെ നടപ്പിലാക്കിയ ഒരു പദ്ധതിയുൾപ്പടെ മൂന്ന് ശുദ്ധജല പദ്ധതികളുണ്ട്. പക്ഷേ ആ മൂന്ന് പദ്ധതികളിലെ ജല സ്രോതസ്സുകളിലും ഒരിറ്റ് വെള്ളമില്ലാത്ത സാഹചര്യമാണുള്ളത്.

വളരെ ഗുരുതരമായ അവസ്ഥയാണ് ഈ വർഷം നാം അനുഭവിച്ചത്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ നമ്മുടെ നാട്ടിൽ ചൂട് വളരെ കൂടുതലായാണ് അനുഭവപ്പെട്ടത്. പല ജില്ലകളിലും 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ചൂട് രേഖപ്പെടുത്തി. അതിന്റെ ഫലമായി ജല സ്രോതസ്സുകൾ പൂർണ്ണമായി വറ്റിവരണ്ട സാഹചര്യമുണ്ടായി. ഈ രീതി തുടർന്നാൽ വരുംവർഷങ്ങളിലും ഇതേ സാഹചര്യമായിരിക്കുമെന്നാണ് പറയപ്പെടുന്നത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഗവൺമെന്റിന് ഏറ്റവും പ്രയാസമുണ്ടാക്കുന്ന ഒരു കാര്യം എല്ലാപേർക്കും ശുദ്ധജലമെത്തിക്കുക എന്നുള്ളതായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ശുദ്ധജല പദ്ധതികൾ ആരംഭിക്കുന്നതും അതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിക്കുന്നതും അതിനുവേണ്ടി ബഡ്ജറ്റിലുൾപ്പെടെ ധാരാളം പണം നീക്കിവച്ചിരിക്കുന്നതു മൊക്കെ നല്ല കാര്യങ്ങളാണ്. പക്ഷേ ശുദ്ധജല പദ്ധതികൾ ഉണ്ടായാൽ മാത്രം പോര, ശുദ്ധജലം ലഭിക്കുന്നതിനാവശ്യമായ ജലസ്രോതസ്സുകൾ നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ നമ്മൾ എത്ര കോടി ചെലവഴിച്ച് ശുദ്ധജല പദ്ധതികൾ ഉണ്ടാക്കിയാലും അതൊക്കെ വെറും നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമായിരിക്കും ഉണ്ടാവുക. നമുക്ക്

ശുദ്ധജല പദ്ധതികൾ ഉള്ളപ്പോൾതന്നെ ആ പദ്ധതികൾക്ക് വെള്ളമെത്തിക്കുന്ന ജലസ്രോതസ്സുകൾ കഴിഞ്ഞ കാലങ്ങളിൽ ധാരാളമായി ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ മഴക്കാലമായാൽ കേരളത്തിലെ ജലാശയങ്ങളെല്ലാം സമൃദ്ധമായിരുന്നു. നമ്മുടെ പുഴകൾ, നദികൾ, തോടുകൾ, കുളങ്ങൾ, അരുവികൾ തുടങ്ങിയവയെല്ലാം ജല സമൃദ്ധമായിരുന്നു. പക്ഷേ ഇന്ന് ആ സാഹചര്യം മാറി. മഴ കഴിഞ്ഞാലുടനെ നമ്മുടെ പുഴകളെല്ലാം വറ്റി വരളുകയാണ്. അതുപോലെ ഒരു കുളംപോലും ഇല്ലാത്ത സാഹചര്യമാണ് ഇന്ന് പല പഞ്ചായത്തുകളിലുമുള്ളത്. നമ്മൾ മഹാരാഷ്ട്രയിലെ ലത്തൂരിലെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് പത്രങ്ങളിലൂടെ വായിച്ചു. 350 കി.മീ. ദൂരെനിന്ന് വെള്ളവുമായി എത്തുന്ന ട്രെയിനിന്റെ ചൂളംവിളി കാത്തിരിക്കുന്ന ഒരു ജനതയെക്കുറിച്ച് നമ്മൾ വായിച്ചത് വളരെ അത്ഭുതത്തോടുകൂടിയാണ്. കഴിഞ്ഞ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പല പഞ്ചായത്തുകൾക്കും ലോറികളിൽ വെള്ളം സപ്ലൈ ചെയ്യുന്നതിന് തൊട്ടടുത്ത പഞ്ചായത്തുകളെയോ അകലെയുള്ള പഞ്ചായത്തുകളെയോ ആശ്രയിക്കേണ്ട സ്ഥിതിവന്നു. പല പഞ്ചായത്തുകൾക്കും സ്വന്തമായി ജലസ്രോതസ്സുകളില്ലാത്ത

സാഹചര്യം കഴിഞ്ഞ വേനൽക്കാലത്തുണ്ടായി. അതിന് ഒരു മാറ്റം വരുത്തുന്നതിനുവേണ്ടി പുഴകളിൽ തടയണകൾ സംരക്ഷിച്ചുകൊണ്ടും കൂടുതൽ ജലാശയങ്ങൾ ഉണ്ടാക്കിക്കൊണ്ടും കുളങ്ങളെ നവീകരിച്ച് സംരക്ഷിച്ചുകൊണ്ടും ഓരോ പഞ്ചായത്തിലും ആവശ്യമായ ജലാശയങ്ങൾ ഉണ്ടാക്കുന്നതിനോ ജലസമ്പത്ത് നിലനിർത്തുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ശുദ്ധജല പദ്ധതികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനോ ജല സമൃദ്ധിയുണ്ടാക്കുന്നതിനോ വേണ്ടിയുള്ള നടപടി നമ്മൾ സ്വീകരിക്കുന്നില്ല. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും അഞ്ചു ലക്ഷം രൂപവരെ പരിധി വച്ചുകൊണ്ട് പ്രധാനമായും മാർച്ച് മാസങ്ങളിൽ കുടിവെള്ളം സപ്ലൈ ചെയ്യുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് അനുവാദം കൊടുക്കും. ഇതൊക്കെ കാലാകാലങ്ങളായി ചെയ്തുവരുന്ന കാര്യങ്ങളാണ്. പക്ഷേ ഇനിയുള്ള കാലങ്ങളിൽ അത്തരത്തിലുള്ള അനുവാദം കൊടുത്തുകഴിഞ്ഞാലും ശുദ്ധജല വിതരണം നടത്തുന്നതിന് എവിടെ നിന്ന് ശുദ്ധജലം കിട്ടുമെന്ന ചോദ്യം നമ്മുടെ മുന്നിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ശുദ്ധജല വിതരണത്തോടൊപ്പംതന്നെ ആവശ്യമായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നമ്മുടെ കുളങ്ങളും പുഴകളും

അരുവികളുമൊക്കെ സംരക്ഷിച്ച് നിർത്തുന്നതിനുമുള്ള ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടാകേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

## ജല സ്രോതസ്സുകളുടെ സംരക്ഷണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, കഴിഞ്ഞ തെരഞ്ഞെടുപ്പുകാലം കൊടുംവേനലിലായതുകൊണ്ട് നിരവധി സ്ഥാനാർത്ഥികൾക്ക് വെള്ളം കുടിക്കേണ്ടതായിവന്നു എന്നാണ് ബഹുമാനപ്പെട്ട അംഗം തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചത്. വളരെ ഗൗരവതരമായ വിഷയമാണിത്. ഞാൻ നർമ്മം പറഞ്ഞുയെന്നേയുള്ളൂ, അതിനെ ലഘൂകരിച്ച് കാണുകയല്ല. വരൾച്ച നേരിടുന്നതിന് വരൾച്ചക്കാലത്ത് മാത്രമായി സ്വീകരിക്കുന്ന നടപടികൾ പര്യാപ്തമാകുകയില്ല. നദികളിലെ നീരൊഴുക്ക് പുന:സ്ഥാപിക്കുക, കാലവർഷക്കാലത്ത് ലഭിക്കുന്ന അധികജലം മുഴുവൻ ഒഴുകിപ്പോകുന്നത് തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള

ലഭ്യത ഉറപ്പാക്കുക, കാർഷിക ആവശ്യങ്ങൾക്കും പാരിസ്ഥിതിക ആവശ്യങ്ങൾക്കും വേണ്ട ജലം ലഭ്യമാക്കുക എന്നിവ ജലവിഭവ വകുപ്പിന്റെ ലക്ഷ്യങ്ങളാണ്. അതിനുവേണ്ടി സ്വീകരിക്കേണ്ട പദ്ധതികൾ ജലസേചന വകുപ്പും ഭൂജല വകുപ്പും ജല അതോറിറ്റിയും ജലനിധി അടക്കമുള്ള പദ്ധതികളിലൂടെ സ്വീകരിച്ചുവരികയാണ്. 871 കിണറുകൾ നിരീക്ഷണവിധേയമാക്കി ക്കൊണ്ടിരിക്കുകയാണ്. രണ്ട് വർഷത്തിലൊരിക്കൽ ഡേറ്റാവച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ട്. കേരളത്തിലെ 152 ബ്ലോക്കുകളെ നാലായി തിരിക്കുകയും ഓവർ എക്സ്പ്ലോയിറ്റഡായി പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കും ക്രിട്ടിക്കൽ എന്ന കാറ്റഗറിയിൽ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്കും പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കും സെമി ക്രിട്ടിക്കൽ എന്ന കാറ്റഗറിയിൽ 23 ബ്ലോക്കുകളും സെയിഫ് എന്ന കാറ്റഗറിയിൽ 126 ബ്ലോക്കുകളെയുമാണ് കണ്ടെത്തിയത്. 2014-ൽ 190 തടയണകൾ നിർമ്മിക്കാൻ 111 കോടി രൂപ ജലസേചന വകുപ്പിന് അനുവദിച്ചതിൽ 45 തടയണകൾ മാത്രമാണ് പൂർത്തിയാക്കിയത്. ബാക്കി തടയണകൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ജല

അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനിൽ വെള്ളം ലഭ്യമാക്കുന്നതിനായി 15 തടയണകൾ നിർമ്മിക്കാൻ 62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പണികൾ വിവിധ ഘട്ടങ്ങളിലാണ്, അതും പൂർത്തീകരിക്കുന്നതാണ്. ജലനിധി മുഖേന 1746 ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിരിക്കുന്ന കർക്കശ നിർദ്ദേശം മഴവെള്ളം പാഴായി പോകുന്നത് തടഞ്ഞുനിർത്താൻ മഴവെള്ള സംഭരണികളോടൊപ്പംതന്നെ മഴക്കുഴികൾ നിർമ്മിക്കുന്ന പദ്ധതികളും ആവിഷ്ക്കരിക്കണമെന്നാണ്. അതുകൊണ്ട് നദികളിലെ ജലലഭ്യത ഉറപ്പാക്കാൻ ജലസ്രോതസ്സുകൾ കൂടുതൽ സംപോഷണമാക്കാനുള്ള പദ്ധതികളോടൊപ്പംതന്നെ ജനകീയമാക്കി മഴക്കുഴികളും മഴവെള്ള സംഭരണികളും സ്ഥാപിച്ചെടുക്കാനുള്ള പദ്ധതികളിലേയ്ക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും കുളങ്ങളുടെയും കിണറുകളുടെയും സംപോഷണത്തിനും ചെക്ക് ഡാമുകളും

തടയണകളും നിർമ്മിക്കാനും തൊഴിലുറപ്പ് പദ്ധതിയിൽപ്പോലും പദ്ധതികൾ ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇതിനോടകം അദ്ദേഹത്തിന്റെ വകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ ബ്ലോക്കുകൾ തെരഞ്ഞെടുത്ത് പൈലറ്റ് പ്രോജക്ടുകളായി എൻ.ആർ.ഇ.ജി.പി.-യുടെ പദ്ധതി നടപ്പാക്കാനുള്ള നിർദ്ദേശമാണ് അദ്ദേഹം നൽകിയിരിക്കുന്നത്. ജലസ്രോതസ്സുകളിൽ വെള്ളം ലഭ്യമായില്ലെങ്കിൽ 'ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?' എന്ന ചോദ്യത്തിന്റെ മുമ്പിൽ നാം പകച്ചു നിൽക്കേണ്ടി വരും. അതുകൊണ്ട് വേനൽക്കാലത്ത് മാത്രമല്ല നിരന്തരമായി, ഗൗരവമായ ജീവന്റെ തുടിപ്പ് നിലനിർത്തുന്ന ജലത്തിന്റെ അംശം ഉറപ്പാക്കാൻവേണ്ടിയുള്ള സത്വര നടപടികളിൽ വലിയ ജനകീയ പങ്കാളിത്തത്തോടുകൂടി ഏർപ്പെടണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വാട്ടർ അതോറിറ്റിയെയും ഗവൺമെന്റിനെയും സംബന്ധിച്ചിടത്തോളം ശുദ്ധജലപദ്ധതികൾ നടപ്പാക്കുന്നതിന് ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ട്. അതോടൊപ്പം ഇത്തരത്തിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുക എന്നു പറയുമ്പോൾ അതിലേറെ ബാധ്യതയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല. അതിന്റേതായ സാമ്പത്തിക പരിമിതികൾ ഏത് ഗവൺമെന്റായാലും ഉണ്ടാകും. ജലസ്രോതസ്സുകൾ സംരക്ഷിച്ച് നിർത്തുന്ന കാര്യങ്ങളിൽ ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ.മാർ, ഗവൺമെന്റ്, പത്രമാധ്യമങ്ങൾ എന്നിങ്ങനെ എല്ലാവരുടേയും ഒരു ജനകീയ കൂട്ടായ്മ ഉണ്ടാക്കിക്കൊണ്ട് എല്ലാ പഞ്ചായത്തിലും ചുരുങ്ങിയത് ഒരു ജലാശയമെങ്കിലും പുതുതായി ഉണ്ടാക്കുന്നതിന് നേതൃത്വം കൊടുക്കുവാൻ ജലവിഭവ വകുപ്പ് മുന്നോട്ട് വരുമോ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, തെരഞ്ഞെടുപ്പ് പ്രചരണ സമയത്തടക്കം ഇടതുപക്ഷ ജനാധിപത്യമുന്നണിയും ഇപ്പോഴത്തെ മുഖ്യമന്ത്രിയും നൽകിയ പ്രധാനമായ ഊന്നലാണ് ജലസംരക്ഷണത്തിനുവേണ്ടി ഒരു ജനകീയ സംരംഭം ഈ നാട്ടിൽ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നുള്ളത്. പ്രധാനമായും മഴക്കുഴികളടക്കം വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്കെല്ലാം പണം കണ്ടെത്താനുള്ള ശ്രമത്തിലാണ്. പണം ഇല്ല എന്നതിന്റെ പേരിൽ വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതിയും ഉപേക്ഷിക്കാൻ പാടില്ല എന്ന് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പണം കണ്ടെത്തി ആവശ്യമായ പദ്ധതികളൊക്കെ നടപ്പാക്കും. ഭൂജലവിതാനം താണുപോകാതിരിക്കാൻവേണ്ടി ജനകീയ സംരംഭം ഉണ്ടാക്കുന്നതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയിലൂടെ

എം.എൽ.എ.മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചുകഴിഞ്ഞു. തീർച്ചയായും ജനപ്രതിനിധികളുടെ പങ്കാളിത്തവും നേതൃത്വവും ഇതിൽ ഉണ്ടാകുന്നത് ഏറ്റവും അഭിലഷണീയവും അങ്ങേയറ്റം സ്വാഗതാർഹവുമാണ്. അക്കാര്യത്തിൽ കൂടി ഗവൺമെന്റ് ശ്രദ്ധപതിപ്പിക്കുന്നതാണ്.